**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം 13.10.2011 - ൽ മറുപടിക്ക്

നമ്പർ: 316

**അഴിമതി സംബന്ധിച്ച വിവരങ്ങൾ സ്വീകരിക്കാൻ പ്രത്യേക സംവിധാനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. രാജു എബ്രഹാം : | ശ്രീ.ഉമ്മൻ ചാണ്ടി,<br>മുഖ്യമന്ത്രി. |
| **(എ) അഴിമതി സംബന്ധിച്ച വിവരങ്ങൾ സ്വീകരിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;** | (എ) ഉണ്ട്. |
| **(ബി) എങ്കിൽ ഇതിനായി ഏർപ്പെടുത്തിയ പ്രത്യേക സംവിധാനം സംബന്ധിച്ച് വിശദമാക്കാമോ;**<br>**(സി) പ്രസ്തുത സംവിധാനം മുമ്പാകെ അഴിമതികൾ സംബന്ധിച്ച് ഇതിനകം ലഭിച്ച പരാതികളെത്ര;**<br>**(ഡി) ഏതെല്ലാം തലങ്ങളിലുള്ള അഴിമതികളെ സംബന്ധിച്ച പരാതികളാണിവിടെ പ്രതീക്ഷിക്കുന്നത്;**<br>**(ഇ) പ്രസ്തുത സംവിധാനത്തിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ അഴിമതി നടത്തിയ എത്ര പേർ ഇതിനകം ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ?** | **(ബി) യും (സി) യും (ഡി) യും (ഇ) യും** കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിവരം നൽകുന്നവർക്ക് സംരക്ഷണവും, റിവാർഡും നൽകുന്നതിന്, 'വിസിൽ ബ്ളോവർ പ്രൊട്ടക്ഷൻ പോളിസി' രൂപീകരിക്കുന്നതിനും ഇതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ചും സർക്കാരിന് ഉപദേശം നൽകുന്നതിലേയ്ക്കായി വിദഗ്ദ്ധർ അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ